(ഐ) എറണാകുളത്ത് തീപിടിത്തത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം ഒന്നും ഇതുവരെ നൽകിയിട്ടില്ല. ഈ കാര്യം പരിശോധിച്ചു വരുന്നു.

(ജെ) മുഖ്യമന്ത്രിയുടെ സൈനിക വെൽഫെയർ ഫണ്ടിൽ നിന്നും 104 ലക്ഷം രൂപ കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ കുടുംബത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ഐഡന്റിറ്റി കാർഡുകളുടെ വിതരണം

(1467) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഐഡന്റിറ്റി കാർഡ് ഉള്ളവർക്ക് മാത്രമേ വോട്ടവകാശം വിനിയോഗിക്കാൻ കഴിയുകയുള്ളൂ എന്ന് ഇലക്ഷൻ കമ്മിഷൻ അറിയിച്ചിട്ടുണ്ടോ;

(ബി) ഇനി ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ഐഡന്റിറ്റി കാർഡുകൾ നൽകാനുണ്ട്?

ഉത്തരം

(എ) അടുത്ത വർഷം നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപ് ഐഡന്റിറ്റി കാർഡു വിതരണം പൂർത്തിയാക്കാൻ ശ്രമിക്കണം എന്നാണ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി ഇതു വരെ 69.5 ശതമാനം വോട്ടർമാർക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു.

പഞ്ചിംഗ് സമ്പ്രദായം

(1468) ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇത് ഫലപ്രദമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് ഘട്ടങ്ങളായി ആരംഭിക്കുന്നതാണ്. സെക്രട്ടേറിയറ്റിലെ അനക്സ് കെട്ടിടത്തിൽ 01.03.2000 മുതൽ പഞ്ചിംഗ് ആരംഭിച്ചു കഴിഞ്ഞു. ഡി.പി.ഐ., ഡി.എച്ച്.എസ്. ഓഫീസുകൾ, തൃശൂർ കണ്ണൂർ, കൊല്ലം എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly